**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2632** **06-10-2025 - ൽ മറുപടിയ്ക്ക്**

**മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ കാര്യക്ഷമമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ വിവിധ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ കാര്യക്ഷമമാക്കാനും ഇതിനായി അനുവദിച്ച ഭൂമി അന്യാധീനപ്പെടാതെ സംരക്ഷിക്കാനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (എ) | കാസർഗോഡ് ജില്ലയിൽ വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ പ്രവർത്തനസജ്ജമാണ്. ഈ എസ്റ്റേറ്റുകളിലെ ഭൂമി അന്യാധീനപ്പെടുന്ന സാഹചര്യം നിലവിലില്ല. ജില്ലയിൽ 6 മിനി വ്യവസായ എസ്റ്റേറ്റുകളാണ് ഉള്ളത്. ആയതിൽ 3 എണ്ണത്തിന് ചുറ്റുമതിൽ ഉണ്ട്. മറ്റുള്ളതിന് ചുറ്റുമതിൽ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ജില്ലയിലെ മിനി വ്യവസായ എസ്റ്റേററുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നിശ്ചിത ഇടവേളകളിൽ പരിശോധന നടത്തുകയും പ്രവർത്തിക്കാത്ത യൂണിറ്റുകൾക്ക് നോട്ടീസ് നൽകി അനുവദിച്ച വ്യവസായ ഷെഡ് തിരിച്ചെടുക്കാനുള്ള നടപടികളും സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ